## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1282** **14-03-2022 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം ജില്ലയിലെ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നും പ്രോജക്ടിന്റെ കരാറുകാർ ആരൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | “ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തടസംരക്ഷണവും” എന്ന പദ്ധതിക്കായി കരാറുകാരനെ തെരെഞ്ഞെടുക്കുന്നതിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കരാറുകാരനെ നിശ്ചയിക്കുന്ന മുറയ്ക്ക് പദ്ധതി രണ്ടു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |
| (ബി) | ചരിത്ര പ്രസിദ്ധ ഗുഹാക്ഷേത്രമായ മടവൂർപാറയിൽ മടവൂർപാറ ടൂറിസം പ്രോജക്ട് ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | മടവൂർപ്പാറ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നടപടി ക്രമ പ്രകാരം പൊന്നുംവില അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തിയതനുസരിച്ച് അധിക തുക അനുവദിച്ചു നൽകുവാൻ ജില്ലാകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിന്മേൽ തീരുമാനമാകേണ്ടതുണ്ട്. |
| (സി) | പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ ചെമ്പഴന്തിയിൽ ഗുരുകുലം അമിനിറ്റി സെന്ററിനോടനുബന്ധിച്ചുള്ള ഡിജിറ്റൽ മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി ഐ.റ്റി. വകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിച്ചതിനുശേഷം ആറ് മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് നിർവ്വഹണ ഏജൻസിയായ യു.എൽ.സി.സി. അറിയിച്ചിട്ടുണ്ട്. |
| (ഡി) | കോവളം-ബേക്കൽ ജലപാതയുടെ ഭാഗമായ പാർവ്വതി പുത്തനാർ ടൂറിസം പദ്ധതിയെക്കുറിച്ച വിശദമാക്കാമോ; | (ഡി) | ദേശീയജലപാത വികസനത്തിന്റെ ഭാഗമായി കോവളം മുതൽ കാസർഗോഡ് വരെയുള്ള ഉൾനാടൻ ജലഗതാഗത വികസനപുനരുദ്ധാരണത്തിൽ , പാർവ്വതി പുത്തനാർ ഉൾപ്പെടുന്ന കോവളം- ആക്കുളം പാതയിലെ ടൂറിസം വികസനപദ്ധതിയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് കേരള വാട്ടർ വെയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെയാണ്. ടി പദ്ധതിയിൽ പാർവ്വതി പുത്തനാർ കനാലിന്റെ സൗന്ദര്യവൽക്കരണം, മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയാണ് ഉൾപ്പെടുന്നത്. വിനോദസഞ്ചാര വകുപ്പിന് വേണ്ടി ഈ പ്രവൃത്തികൾക്കുള്ള ഒരു കൺസെപ്റ്റ് പ്ലാൻ |

| | | | |
|---|---|---|---|
| | | | എച്ച്.എൽ.എൽ.ഇൻഫ്രാടെക് സർവ്വീസസ് എന്ന ഏജൻസി മുഖേന തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടത് അനിവാര്യമാണ്. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള കൺസെപ്റ്റ് പ്ലാൻ, ഭൂമിയുടെ ലഭ്യത എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റേക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി യോഗം ചേരുവാൻ വകുപ്പ് തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | ആക്കുളം ടൂറിസ്റ്റ് വില്ലേജ് പൂർണ്ണതോതിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഇ) | നിലവിൽ ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ ഒഴികെ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. മ്യൂസിക്കൽ ഫൗണ്ടൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ റേറ്റഡ് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനായുള്ള അനുമതി കെ.എസ്.ഇ.ബി. നൽകുന്നതനുസരിച്ച് മ്യൂസിക്കൽ ഫൗണ്ടൻകൂടി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ